**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 981** **12-06-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ വന്യമൃഗ ശല്യം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ കൊളത്താശ്ശേരി, വാഴാനി, അകമല, ചേപ്പലക്കോട്, കുഴിയോട് എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗ ശല്യം തടയുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ കൊളത്താശ്ശേരി, വാഴാനി, അകമല, ചേപ്പലക്കോട്, കുഴിയോട് എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ സൗരോർജ്ജ വേലികൾ നിർമ്മിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശാനുസരണം ഇതര വകുപ്പുകളും ഗ്രാമ പഞ്ചായത്ത് വാർഡുകളുമായി ചേർന്ന് വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ലഭ്യമായ മെസ്സേജുകൾക്കനുസരിച്ച് വാച്ചർമാരുടെയും തദ്ദേശവാസികളുടെയും സഹകരണത്തോടെയും നാട്ടിലിറങ്ങുന്ന കാട്ടാനയെ തിരികെ കാട്ടിലേക്ക് അയയ്ക്കുന്നതിനും, സുരക്ഷാസംവിധാനങ്ങൾ ഒരുക്കിവരുന്നുണ്ട്. വടക്കാഞ്ചേരി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ആർ.ആർ.ടി. രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. വാഴാനി-നറുക്ക് ഏരിയയിൽ 1.6 കി. മീ. സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന നടത്തുന്ന പദ്ധതികളിൽ (RKVY) തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിൽ ടി പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി സോളാർ വേലി നിർമ്മിയ്ക്കുന്നതിനുള്ള അടങ്കൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | വന്യമൃഗ ശല്യം തടയുന്നതിനായി സ്ഥാപിക്കുന്ന സൗരവേലി, ഹാങ്ങിങ് ഫെൻസിങ് എന്നിവയുടെ ഇൻസ്റ്റലേഷൻ സംബന്ധിച്ച പുരോഗതി വ്യക്തമാക്കാമോ; | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വാഴാനി മുതൽ നറുക്ക് വരെ 1.6 കി. മീ. സോളാർ ഫെൻസിംഗ് നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നു. കൃഷി വകുപ്പ് മുഖേന നടത്തുന്ന പദ്ധതികളിൽ (RKVY) തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിൽ ടി പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി സോളാർ വേലി നിർമ്മിയ്ക്കുന്നതിനുള്ള അടങ്കൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ വനം വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് കൂടുതൽ വാച്ചർമാരെ | (സി) | പ്രസ്തുത പ്രദേശങ്ങളിൽ വനം വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നുണ്ട് കൂടുതൽ വാച്ചർമാരെ നിയമിക്കുന്ന- |

| | | | |
|---|---|---|---|
| | നിയമിക്കുന്നതിനും പ്രവർത്തനം അവസാനിപ്പിച്ച അകമല ഫോറസ്റ്റ് സ്റ്റേഷന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കാമോ; | | തിന് നിലവിൽ അനുമതി ഇല്ലാത്തതും. പ്രവർത്തനം അവസാനിപ്പിച്ച അകമല ഫോറസ്റ്റ് സ്റ്റേഷന്റെ പ്രവർത്തനം പുനരാരംഭിക്കുന്നത് നിലവിൽ പരിഗണയിൽ ഇല്ലാത്തതുമാണ്. |
| (ഡി) | പ്രസ്തുത പ്രദേശത്തെ വന്യമൃഗ ശല്യം തടയുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനരാരംഭിക്കുന്നതിനോടൊപ്പം ഒരു ദ്രുത പ്രതികരണ സേന യൂണിറ്റ് (ആർ.ആർ.ടി.) അനുവദിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്ത് തൃശ്ശൂർ ഡിവിഷൻ ഉൾപ്പെടെയുള്ള 13 ഡിവിഷനുകളിൽ ആർ. ആർ.റ്റി രൂപീകരിക്കുന്നതുനുള്ള പ്രൊപ്പോസൽ പരിഗണിച്ചുവെങ്കിലും, നിലവിൽ 9 ഡിവിഷനുകളിലായി 9 ആർ. ആർ.റ്റി കൾ രൂപീകരിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത് ആയത് പ്രകാരം സ.ഉ (എം.എസ് ) 23/2024/ വനം നമ്പറായി 9 ആർ. ആർ.റ്റി കൾ രൂപീകരിച്ച് 31 .05.2024 - ൽ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ